# Malayala Manorama
## 30 August 2018
## Kerala; Donations, C.M's Flood Relief Fund

# പ്രളയാനന്തര സഹായവുമായി ജെറ്റ് എയർവേയ്സ്

നെടുമ്പാശേരി • പ്രളയകാലത്ത് സഹായങ്ങളുമായി ജെറ്റ് എയർവേയ്സും കേരളത്തോടൊപ്പം. ഇതുവരെയായി 17 ടൺ മരുന്നുകളും പ്രളയരക്ഷാ ഉപകരണങ്ങളും ഭക്ഷണ പദാർഥങ്ങളും സൗജന്യമായി ജെറ്റ് എയർവേയ്സ് കൊച്ചിയിലെത്തിച്ചു.

ബെംഗളൂരുവിൽ നിന്നു കൊച്ചി നാവിക വിമാനത്താവളത്തിലേക്ക് ദിവസവും ദുരിതാശ്വാസ ക്യാംപുകളിലേക്കുള്ള തുണി, കുട്ടികൾക്കുള്ള ഭക്ഷണങ്ങൾ, അരി തുടങ്ങിയവയാണ് വിവിധ ഏജൻസികൾക്കു വേണ്ടി സൗജന്യമായി എത്തിച്ചത്. ഇത് ഇനിയും തുടരും.

ജെറ്റ് എയർവേയ്സ് നിർത്തിവച്ച വിമാന സർവീസുകൾ ഇന്നലെ പുനരാരംഭിച്ചു. പ്രളയത്തെ തുടർന്നുള്ള ദിവസങ്ങളിൽ ഇവിടെ നിന്നും ഇവിടേയ്ക്കും ടിക്കറ്റുകൾ ബുക്കു ചെയ്തിരുന്ന യാത്രക്കാർക്കു ടിക്കറ്റുകളുടെ തീയതി പ്രത്യേക ചാർജൊന്നും കൂടാതെ മാറ്റുന്നതിനുള്ള പരിധി സെപ്റ്റംബർ 15 വരെ ദീർഘിപ്പിച്ചു.



മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു മാതാ അമൃതാനന്ദമയി മഠത്തിന്റെ സംഭാവനയായ പത്തു കോടി രൂപയുടെ ചെക്ക് മഠം വൈസ് ചെയർമാൻ സ്വാമി അമൃതസ്വരൂപാനന്ദ പുരി മുഖ്യമന്ത്രി പിണറായി വിജയനു കൈമാറുന്നു. മന്ത്രിമാരായ ഇ.ചന്ദ്രശേഖരൻ, ഇ.പി.ജയരാജൻ, കടകംപള്ളി സുരേന്ദ്രൻ, ജെ.മേഴ്സിക്കുട്ടിയമ്മ എന്നിവർ സമീപം



മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഇലക്ട്രിക്കൽ ഉൽപ്പന്ന നിർമാതാക്കളായ ഹാവെൽസ് ഇന്ത്യയുടെ സംഭാവനയായ അഞ്ച് കോടിരൂപയുടെ ചെക്ക് ചെയർമാൻ അനിൽ റായ് ഗുപ്ത മുഖ്യമന്ത്രി പിണറായി വിജയനു കൈമാറുന്നു.



മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള പാരഗൺ ഗ്രൂപ്പിന്റെ സംഭാവനയായ രണ്ടു കോടിരൂപയുടെ ചെക്ക് ഡയറക്ടർ സാജൻ കെ.തോമസ് കോട്ടയം കലക്ടർ ബി.എസ്.തിരുമേനിക്കു കൈമാറുന്നു. പാരഗൺ ഗ്രൂപ്പ് ഫിനാൻസ് വിഭാഗം വൈസ് പ്രസിഡന്റ് അന്നു ജോൺ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് വിനയ് ഏബ്രഹാം മാത്യു, ഡപ്യൂട്ടി എച്ച്ആർ മാനേജർ റെനീഷ് കുരുവിള, കോട്ടയം ഡപ്യൂട്ടി കലക്ടർ അലക്സ് ജോസഫ് എന്നിവർ സമീപം.